(സി) ഈ പദ്ധതി മുഖേന ഹാൻവീവിന് 7.5 ലക്ഷം രൂപ ലാഭം കിട്ടി.

(ഡി) ഈ ലാഭത്തിന്റെ വിഹിതം പദ്ധതിയുമായി സഹകരിച്ച സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

(ഇ) ഈ വർഷവും ഹാൻവീവ് ഓണക്കോടി പദ്ധതി നടപ്പാക്കുന്നുണ്ട്.

മുൻ പി.ആർ.ഒ.യുടെ പേരിൽ അച്ചടക്ക നടപടികൾ

41 (2838)ശ്രീ. നാലകത്തു സൂപ്പി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റെക്സിലെ മുൻ പി.ആർ.ഒ.യുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് എന്നാണ് സർക്കാർ നിർദ്ദേശം നൽകിയത്. ഇപ്രകാരം നിർദ്ദേശം നൽകിക്കൊണ്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) അച്ചടക്കനടപടികൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിജിലൻസ് വകുപ്പിന്റെ 2.7.96-ലെ പ്രാഥമിക റിപ്പോർട്ടിന്റെ പകർപ്പ് ഹാന്റെക്സിലേക്കു അയച്ചുകൊണ്ടുള്ള സർക്കാരിന്റെ 32236/സി2/96/ഐ.ഡി. എന്ന 2.5.97-ലെ കത്തിൻപ്രകാരം വിജിലൻസ് വകുപ്പിന്റെ ശുപാർശകളിന്മേൽ യുക്തമായ മേൽനടപടികൾ സ്വീകരിക്കുന്നതിനായി ഹാന്റെക്സിന്റെ സബ്കമ്മിറ്റി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനക്കു സമർപ്പിക്കണമെന്നു നിർദ്ദേശിച്ചിരുന്നു (കത്തിന്റെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്).†

(ബി) വിജിലൻസ് വകുപ്പിന്റെ നിർദ്ദേശാനുസരണം ശ്രീ. അബ്ദുൾഹലീമിന്റെ പി.ആർ.ഒ. ആയുള്ള നിയമനം റദ്ദാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ 8.3.1999-ൽ ഹാന്റെക്സ് മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കയർ സംഘങ്ങളുടെ പുനരുദ്ധാരണം

42(2839) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പീഡിത കയർ സംഘങ്ങൾ ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇവിടങ്ങളിൽ പണിയെടുത്ത എത്ര തൊഴിലാളികൾ തൊഴിൽ രഹിതരായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly